STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.333/PR/SPMC/PHQ/2026 Date:03.08.2026

# പത്രക്കുറിപ്പ്

## വീട് പൂട്ടിയിട്ട് യാത്ര പോകുന്നവർക്ക് പോൽ - ആപ്പിലുണ്ട് ' ലോക്ക്ഡ് ഹൗസ് ' സേവനം.

## ഇതുവരെ അപേക്ഷിച്ചത് 31,188 പേർ

വീടുകൾ പൂട്ടിയിട്ട് യാത്രചെയ്യുന്നവർ അക്കാര്യം പോലീസിന്റെ മൊബൈൽ ആപ്പ് വഴി അറിയിച്ചാൽ വീട്ടിലും പരിസരത്തും പ്രത്യേക പൊലീസ് നിരീക്ഷണം ഏർപ്പെടുത്തും. ഇതുവരെ സംസ്ഥാനത്ത് ഈ സൗകര്യം വിനിയോഗിച്ചത് 31,188 പേരാണ്.

പോലീസിന്റെ ഔദ്യോഗിക മൊബൈൽ ആപ്പായ പോൽ - ആപ്പ് ഡൗൺലോഡ് ചെയ്ത ശേഷം അതിലെ ലോക്ക്ഡ് ഹൗസ് ഇൻഫർമേഷൻ എന്ന വിഭാഗത്തിലാണ് ഇതിനായി അപേക്ഷിക്കേണ്ടത്. യാത്ര പുറപ്പെടുന്നതിനു 48 മണിക്കൂർ മുൻപ് വിവരം നൽകണം. യാത്രപോകുന്ന ദിവസങ്ങൾ, വീടിന്റെ ഫോട്ടോ, സ്ഥിതിചെയ്യുന്ന സ്ഥലം, വിലാസം, ബന്ധുവിന്റേയോ അയൽവാസിയുടെയോ പേര്,

ഫോൺ നമ്പർ എന്നിവ ആപ്പിൽ നൽകേണ്ടതുണ്ട്. ഏഴു ദിവസം മുൻപുവരെ വിവരം പോലീസിനെ അറിയിക്കാവുന്നതാണ്. പരമാവധി 14 ദിവസം വരെ വീടും പരിസരവും പോലീസ് നിരീക്ഷണത്തിലായിരിക്കും. 14 ദിവസത്തിലധികം സേവനം ആവശ്യമായി വരികയാണെങ്കിൽ പുതിയ അപേക്ഷ സമർപ്പിക്കണം.

സാധാരണക്കാർക്കും ലളിതമായി ഉപയോഗിക്കാൻ പറ്റുന്ന രീതിയിലാണ് ആപ്പ് തയ്യാറാക്കിയിരിക്കുന്നത്. പ്ലേ സ്റ്റോറിൽ നിന്നും ആപ്പ് സ്റ്റോറിൽ നിന്നും പോൽ-ആപ്പ് ഡൗൺ ലോഡ് ചെയ്യാം. ഇതിനോടകം 17 ലക്ഷത്തോളം ആളുകൾ ഈ ആപ്പ് ഡൗൺലോഡ് ചെയ്തിട്ടുണ്ട്. രാജ്യത്തെ ഏറ്റവും മികച്ച ജനപ്രിയ ആപ്പുകളിൽ ഒന്നായി കേരള പോലീസിന്റെ ഈ പോൽ-ആപ്പ് (POL-APP) മാറിയിട്ടുണ്ട്. എല്ലാവർക്കും ഉപകാരപ്രദമായ ഈ ആപ്പ് എല്ലാവരും അവരവരുടെ മൊബൈൽ ഫോണുകളിൽ ഡൗൺലോഡ് ചെയ്യണമെന്ന് കേരള പോലീസ് അഭ്യർത്ഥിച്ചു.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

***************************